# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.863** **09.08.2017 ൽ മറുപടിയ്ക്ക്**

## ജലസംരക്ഷണം

| ചോദ്യം<br>ശ്രീ.ടി.വി.ഇബ്രാഹിം: | മറുപടി<br>മാത്യു ടി. തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
|---|---|
| (എ) ജലസംരക്ഷണത്തിന്റെ ഭാഗമായി തോട് സംരക്ഷണം, തോടിന്റെ വശങ്ങൾ കെട്ടൽ തുടങ്ങിയ പ്രവൃത്തികൾക്ക് എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കുന്നുണ്ടോ; | (എ) ഉണ്ട് |
| (ബി) ഉണ്ടെങ്കിൽ പദ്ധതികൾ ഏതെല്ലാമെന്ന് വിശദീകരിക്കാമോ; | (ബി) ജലസംരക്ഷണത്തിന്റെ ഭാഗമായി തോടുകളുടെ പാർശ്വഭിത്തി സംരക്ഷണം, ആഴം കൂട്ടൽ, ശുചീകരണം, പുനരുദ്ധാരണം എന്നീ പ്രവൃത്തികൾ വിവിധ പദ്ധതികളായ നബാർഡ് പദ്ധതി, ബഡ്ജറ്റിൽ പ്രഖ്യാപിക്കുന്ന പദ്ധതികൾ, പ്ലാൻ സ്കീം, സ്റ്റേറ്റ് ഫണ്ട്, (പ്ലാൻ /നോൺ പ്ലാൻ), ഹരിതകേരളം എന്നിവയിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്നു. |
| (സി) 2016-17 സാമ്പത്തിക വർഷം മലപ്പുറം ജില്ലയിൽ ഈ പദ്ധതികൾക്ക് അനുവദിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (സി) 2016-17 സാമ്പത്തിക വർഷം സ്റ്റേറ്റ് ഫണ്ടിന്റെ നോൺ പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി മലപ്പുറം ജില്ലയിൽ 5 പ്രവൃത്തികൾക്കായി 85 ലക്ഷം രൂപ അനുവദിച്ചു. പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.<br>1. നിലമ്പൂർ നിയോജക മണ്ഡലത്തിൽ ചുങ്കത്തറ പഞ്ചായത്തിൽ മാതാ ചെക്ക് ഡാമിന്റെ മുകൾ ഭാഗവും താഴ് ഭാഗവും സംരക്ഷണ പ്രവൃത്തി - 15 ലക്ഷം രൂപ |

2. വണ്ടൂർ നിയോജക മണ്ഡലത്തിലെ ഒലിപ്പുഴയ്ക്ക് കുറുകെ കുണ്ടോട ചെക്ക് ഡാമിന്റെ മുകൾ ഭാഗത്ത് വലതുകര സംരക്ഷണ പ്രവൃത്തി - 20.0 ലക്ഷം രൂപ

3. പുലാമന്തോൾ പഞ്ചായത്തിലെ ചിറ്റാടിപ്പാടം സംരക്ഷണ പ്രവൃത്തി - 10.0 ലക്ഷം രൂപ

4. മലപ്പുറം ജില്ലയിലെ കാലടി പഞ്ചായത്തിൽ നരിപ്പറമ്പ് തോടിന്റെ അടിയന്തിര പാർശ്വ സംരക്ഷണ പ്രവൃത്തി - 20 ലക്ഷം രൂപ

5. വേങ്ങര നിയോജക മണ്ഡലത്തിലെ വേങ്ങര പഞ്ചായത്തിലെ പാണ്ടിശാലയ്ക്ക് സമീപം വലിയോറ വലിയതോടിന്റെ പാർശ്വഭിത്തി സംരക്ഷണ പ്രവർത്തികൾ - 20.0 ലക്ഷം രൂപ

(ഡി) കുളങ്ങളുടെ സംരക്ഷണത്തിന് വേണ്ടിയുള്ള സർക്കാർ പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

(ഡി) ഹരിത കേരളം പദ്ധതി, ആസ്തി വികസന ഫണ്ട്, സംസ്ഥാന പ്ലാൻ ഫണ്ട് മുതലായവ ഉപയോഗിച്ച്, കുളങ്ങളുടെ സംരക്ഷണം ചെയ്ത് വരുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**